

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ്എടിഎസ്ആർപി11/1379/2025
തീയതി 16.10.2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/10/2025
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ എസ്എടിഎസ്ആർപി11/1379/2025 തീയ്യതി: 16/10/2025
തീയതി 16.10.2025

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 25-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വിനോദ് കെ കെ	ജോയിന്റ് ഡയറക്ടർ	26-09-2025	03-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
26-09-2025	03-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സബിത എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ജോഷി സി.ജെ, ഓഡിറ്റ് ഓഫീസർ
ജോയ്സൻ സി.ജെ, സീ.ഗ്രേ.ഓഡിറ്റർ
സിജോ തോമസ്, ഓഡിറ്റർ
ലക്ഷ്മിപ്രിയ പി.ഒ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
രവി കെ. ആർ.	പ്രസിഡന്റ്	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ബൈജു എം.	സെക്രട്ടറി	01-04-2024	30-04-2024
ലത എം	സെക്രട്ടറി (ഇൻ ചാർജ്ജ്)	01-05-2024	29-07-2024
സന്തോഷ് കെ. എഫ്.	സെക്രട്ടറി (ഇൻ ചാർജ്ജ്)	30-07-2024	11-08-2024
ലത എം	സെക്രട്ടറി (ഇൻ ചാർജ്ജ്)	12-08-2024	29-08-2024
സന്തോഷ് കെ. എഫ്.	സെക്രട്ടറി (ഇൻ ചാർജ്ജ്)	30-08-2024	02-09-2024
സാഹിത സി. എ.	സെക്രട്ടറി (ഇൻ ചാർജ്ജ്)	03-09-2024	08-09-2024
ലത എം	സെക്രട്ടറി (ഇൻ ചാർജ്ജ്)	09-09-2024	26-09-2024
സന്തോഷ് കുമാർ എം.പി	സെക്രട്ടറി (ഇൻ ചാർജ്ജ്)	27-09-2024	31-03-2025
ഉമ ടി.എൻ	അസിസ്റ്റന്റ് എക്സിക്യുട്ടീവ് എൻജിനീയർ	01-04-2024	31-03-2025
അമ്പിളി ഐ.ബി.	അസിസ്റ്റന്റ് എൻജിനീയർ(ഇൻ ചാർജ്ജ്)	01-04-2024	26-09-2024

സീബ എം.വി.	അസിസ്റ്റന്റ് എൻജിനീയർ	27-09-2024	31-03-2025
സന്ധ്യ ടി.എം.	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
രേണുക എം.പി.	ശിശുവികസന പദ്ധതി ഓഫീസർ	01-04-2024	09-07-2024
ബിന്ദു എം,കെ.	ശിശുവികസന പദ്ധതി ഓഫീസർ	10-07-2024	31-03-2025
സത്യ വർമ്മ പി.സി.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	31-07-2024
അഭിമന്യു ടി.ആർ.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-08-2024	13-08-2024
രമ്യ വി.എം.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	14-08-2024	31-03-2025
അശ്വിൻ വി.	വ്യവസായ വികസന ഓഫീസർ	01-04-2024	28-08-2024
പ്രബിൻ വി.പി.	വ്യവസായ വികസന ഓഫീസർ	29-08-2024	31-03-2025
മീനു റസൽ	ക്ഷീര വികസന ഓഫീസർ (അഡീഷണൽ ചാർജ്)	01-04-2024	29-05-2024
വന്ദന പി.എസ്.	ക്ഷീര വികസന ഓഫീസർ	30-05-2024	19-07-2024
ജയലക്ഷ്മി കെ.	ക്ഷീര വികസന ഓഫീസർ	20-07-2024	31-03-2025
ഡോ. ജയന്തി കെ. എസ്.	സൂപ്രണ്ട് (സി.എച്ച്.സി), വെള്ളാനിക്കര	01-04-2024	14-08-2024
ഡോ. ഷാജു കെ.ജെ.	സൂപ്രണ്ട് (സി.എച്ച്.സി) (ഇൻ ചാർജ്ജ്), വെള്ളാനിക്കര	15-08-2024	08-11-2024
ഡോ. സാജ് മാത്യു	സൂപ്രണ്ട് (സി.എച്ച്.സി) (ഇൻ ചാർജ്ജ്),വെള്ളാനിക്കര	09-11-2024	31-03-2025
ഡോ. സജിത കെ. പി.	സീനിയർ വെറ്ററിനറി സർജൻ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി	1-1-1
3	വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-3
5	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-4
6	ബജറ്റ്	1-2
7	ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)	1-3
8	പദ്ധതി അവലോകനം	1-4
9	ക്യാഷ് ബാലൻസ് പരിശോധന	1-5
10	ആഭ്യന്തര നിയന്ത്രണം	1-6
11	SC വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-7
12	SC വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - ചെലവ് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മടങ്ങി	1-8
13	പാരാമെഡിക്കൽ ഡോക്ടർക്ക് അധിക വേതനം നൽകി	1-9
14	ഇ-ടെണ്ടർ ഫീ തനതുഫണ്ടിൽ അടവാക്കിയിട്ടില്ല	1-10
15	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-11
16	സി.എച്ച്.സിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല	1-12
17	കെ.എം.എസ്.സി.എൽ ൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല	1-13
18	കാനനിർമ്മാണം - കോൺക്രീറ്റിംഗിന് അധിക നിരക്ക്- 18,369 രൂപ (9,172 + 9,197) നിരാകരിക്കുന്നു	1-14
19	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-15
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	കാനനിർമ്മാണം - കോൺക്രീറ്റിംഗിന് അധിക നിരക്ക്- 18,369 രൂപ (9,172 + 9,197) നിരാകരിക്കുന്നു	3-1

ഭാഗം 4		
1	സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2025 തീയതിയിലെ 7(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 16.10.2025

ജോയിന്റ് ഡയറക്ടർ

1-1-1 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തികവർഷത്തെ വാർഷികകണക്കിലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരമുള്ളതും, എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റേതുമല്ലാത്ത ആസ്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട് ശീർഷകം	ഇനം	തുക

410300101	Cement Concrete	22,63,868
410300102	Roads Tarred	2,76,64,822
410300103	Roads Metal	31,53,272
410400103	Drinking Water -Pipelines	96,17,984
410400101	Drinking Water -Sources	1,03,72,194
410300301	Culverts	41,84,596
410500101	Irrigation – Sources (Well Check Dams Lift Irrigation Etc.)	63,04,455
410400102	Drinking Water Reservoirs	21,46,459
410600102	Electricity – Line Extension	6,15,370

നിലവിൽ ഈ ആസ്തികളിന്മേൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണോയെന്നും വ്യക്തമല്ല. ഈ ആസ്തികൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നവയാണോയെന്ന് പരിശോധിക്കേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം.05/29.09.2025)

1-1-2 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 36,94,137 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 54,08,712 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് അന്വേഷണം നം.05/29.09.2025)

1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ & എഫ്))
(ഓഡിറ്റ് അന്വേഷണം നം:5/29.09.2025)

1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് അന്വേഷണം നം.05/29.09.2025)

1-2 ബജറ്റ്

പാസ്സാക്കിയ തീയതി	13.02.2024	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	32,66,01,544	32,18,25,129
റിവൈസ്ഡ് ബജറ്റ്		
പാസ്സാക്കിയ തീയതി	27.02.2025	
കമ്മിറ്റി തീരുമാനം	2(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	26,81,14,615	26,33,38,200

1-3 ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

ഫണ്ടിനം	ഒ.ബി.	വരവ്	ആകെ	ചെലവ്	സി.ബി./ലാപ്സായതുക*
വികസന ഫണ്ട് - ജനറൽ (ഗ്രാൻറ് സ്റ്റേറ്റ്മെൻറ് പ്രകാരം)	0	2,97,41,000	2,97,41,000	2,96,44,798	96,202*
വികസന ഫണ്ട് -എസ്.സി.പി. (ഗ്രാൻറ് സ്റ്റേറ്റ്മെൻറ് പ്രകാരം)	0	1,20,09,000	1,20,09,000	99,69,538	20,39,462*
വികസന ഫണ്ട് - ടി.എസ്.പി. (ഗ്രാൻറ് സ്റ്റേറ്റ്മെൻറ് പ്രകാരം)	0	14,87,000	14,87,000	13,43,400	1,43,600*
മെയിൻറനൻസ്, നോൺ - റോഡ് (ഗ്രാൻറ് സ്റ്റേറ്റ്മെൻറ് പ്രകാരം)	0	56,28,000	56,28,000	56,28,000	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ടൈഡ്) – ബാങ്ക്	40,79,487	1,10,65,500	1,51,44,987	76,54,495	74,90,492
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ടൈഡ്) - ട്രഷറി	0	3,45,144	3,45,144	3,45,144	0

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (അൺ ടൈഡ്) – ബാങ്ക്	46,78,464	50,11,499+ 6,00,445(പലിശ) =56,11,944	1,02,90,408	**60,68,223	42,22,185
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (അൺ ടൈഡ്) -ട്രഷറി	0	84,381	84,381	0	84,381
ഹെൽത്ത് ഗ്രാന്റ്	10,21,486	29,18,341	39,39,827	12,37,779	27,02,048
സമ്പൂർണ്ണ ശുചിത്വം	9,46,939	26,719	9,79,512	5,854	9,73,658
കേരളോത്സവം	39,350	-	39,350	39,100	250

** സെൻട്രൽ ഫിനാൻസ് കമ്മീഷൻ (അൺ ടൈഡ്-ബാങ്ക്) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 60,67,863 രൂപയാണ്. വാർഷിക കണക്കുകളിൽ 360 രൂപ അധികമായി ചേർത്തിട്ടുണ്ട്.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അംഗീകരിച്ച പദ്ധതി അടങ്കൽ തുക	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കിയ പദ്ധതി ചെലവ് തുക	നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
126	11,61,67,218	104	6,97,86,938	60%	82%

1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.09.2025 തീയതിയിൽ 3 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-7 SC വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ	
പ്രൊജക്ട് നമ്പർ/ പേര്	S0118/25 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	
അടങ്കൽ	48,30,000 (വികസന ഫണ്ട് എസ്.സി.പി)	
ചെലവ്	44,00,000	
വൗച്ചർ നമ്പർ/ തീയതി, തുക	22400230/18.07.2024	5,10,000
	22400268/18.07.2024	60,000
	22400228/18.07.2024	5,00,000
	22400436/18.10.2024	3,20,000

	22400244/18.07.2024	4,60,000
	22400245/18.07.2024	5,10,000
	22400539/19.12.2024	2,20,000
	22400231/26.07.2024	4,20,000
	22400434/03.12.2024	3,20,000
	22400441/11.11.2024	2,90,000
	22400442/11.11.2024	90,000
	22400693/03.02.2025	90,000
	22400530/13.01.2025	1,50,000
	22400529/13.01.2025	1,70,000
	22400717/28.02.2025	60,000
	22400741/07.03.2025	1,10,000
	22400718/03.03.2025	30,000
	22400889/22.03.2025	30,000
	22400752/11.03.2025	60,000
ആകെ		44,00,000

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പട്ടികജാതി വികസന ഓഫീസറുടെ SO118/25 നമ്പർ പ്രൊജക്ട് പ്രകാരം 2024-25 വർഷത്തിൽ വിദ്യാർത്ഥികൾക്ക് മേൽപട്ടികയിൽ കൊടുത്തിരിക്കുന്ന വൗച്ചറുകൾ മുഖേന പഠനമുറി പണിയുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. അതുപ്രകാരം തുക ലഭിച്ചിട്ടും പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു. ആയതിൽത്തന്നെ ക്രമ നം.1 & 2 ലെ കുട്ടികൾക്ക് ഒന്നാമത്തെ ഗഡു അനുവദിച്ചിട്ട് ഒന്നര വർഷമായിട്ടും നാളിതുവരെ പഠനമുറിയുടെ രണ്ടാമത്തെ ഘട്ടം പോലും പൂർത്തിയാക്കിയിട്ടില്ല.

ക്രമ നമ്പർ	പേര്	അനുവദിച്ച തുക	തീയതി
1	അഭിമന്യു	30,000	02.03.2024
2	അർച്ചന എൻ. എസ്.	30,000	22.02.2024
3	ദേവികൃഷ്ണ	1,70,000	22.02.2024 (30,000)
			18.07.2024 (60,000)
			18.07.2024 (80,000)
4.	നിരഞ്ജന കെ. ആർ.	1,70,000	22.02.2024 (30,000)
			18.07.2024 (60,000)
			18.07.2024 (80,000)

II.

നിർവ്വഹണ	പട്ടികജാതി വികസന ഓഫീസർ

ഉദ്യോഗസ്ഥൻ		
പ്രൊജക്ട് നമ്പർ/ പേര്	25/2025 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	
അടങ്കൽ	40,00,000 (വികസന ഫണ്ട് എസ്.സി.പി)	
ചെലവ്	24,40,000	
വൗച്ചർ നമ്പർ/ തീയതി, തുക	22400566/20.01.2025	1,20,000
	22400705/17.02.2025	90,000
	22400668/25.01.2025	30,000
	22400686/29.01.2025	90,000
	22400696/06.02.2025	1,20,000
	22400703/13.02.2025	1,20,000
	22400719/04.03.2025	1,20,000
	22400714/27.02.2025	90,000
	22400716/28.02.2025	3,50,000
	22400829/06.03.2025	1,20,000
	22400803/18.03.2025	1,60,000
	22400740/07.03.2025	30,000
	22400720/05.03.2025	30,000
	22400754/11.03.2025	30,000
	22400742/07.03.2025	80,000
	22400804/18.03.2025	1,60,000
	22400802/18.03.2025	1,60,000
	22400893/24.03.2025	60,000
	22400755/11.03.2025	60,000
	22400888/22.03.2025	2,60,000
	22400890/22.03.2025	80,000
	22400891/24.03.2025	80,000
ആകെ		24,40,000

പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 2024-25 സാമ്പത്തികവർഷത്തിൽ 20 വിദ്യാർത്ഥികൾക്ക് മേൽ പട്ടികയിൽ പറയുന്ന വൗച്ചറുകൾ പ്രകാരം തുക അനുവദിച്ചതിൽ ചുവടെ പറയുന്ന വിദ്യാർഥികൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ക്രമ നമ്പർ	പേര്	അനുവദിച്ച തുക
1	നിവേദ്യ കെ. ആർ.	1,70,000
2	സനൽ എ. എസ്.	1,70,000
3	അനുശ്രീ പി. ഐ.	1,70,000
4	സായൂജ്യ എ. എസ്.	1,70,000
5	നിരഞ്ജന കെ. ആർ.	1,70,000
6	ആദിത്യൻ എം. വി.	1,70,000
7	രാകേന്ദു കെ. എസ്.	90,000
8	യദുകൃഷ്ണ പി. എസ്.	1,70,000
9	ലിഷമോൾ ഇ. എസ്.	1,70,000

10	വിധുൻ വിജീഷ്	1,70,000
11	അജയ് കൃഷ്ണ പി. ജെ.	1,70,000
12	നിരഞ്ജന എം. വി.	1,70,000
13	അഭിനവ് സജീവ്	1,70,000
14	ആരോമൽ പി. ആർ.	1,70,000
15	കാർത്തികേയൻ കെ. വി.	1,70,000
16	അഭിഷേക് പി. കെ.	1,70,000
18	വൈഷ്ണവ്	30,000

വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ ഒന്നാമത്തെ ഗഡു കൈപ്പറ്റുകയും നാളിതുവരെ പഠനമുറി നിർമ്മിക്കാത്തതുമായ വിദ്യാർത്ഥികൾ പഠനമുറി നിർമ്മിക്കാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.06/03.10.2025)

1-8 SC വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - ചെലവ് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മടങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ
പ്രൊജക്ട് നമ്പർ/പേര്	S0118/25 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ	48,30,000 (വികസന ഫണ്ട് എസ്.സി.പി)
ചെലവ്	44,00,000
വൗച്ചർ നം./തീയതി/ തുക	22400529/13.01.2025 / 1,70,000

SC വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 2023-24 സാമ്പത്തികവർഷത്തിലെ 48/2024 നമ്പർ പ്രോജക്ടിലെ 22300851/22.02.2024 നമ്പർ വൗച്ചർ പ്രകാരം 5 വിദ്യാർത്ഥികൾക്ക് ഒന്നാം ഗഡുവായ 1,50,000 രൂപ (30,000 X 5) അനുവദിച്ചപ്പോൾ മനിൽ കെ. എം. എന്ന വിദ്യാർത്ഥിയുടെ അക്കൗണ്ട് നമ്പർ തെറ്റായി നൽകിയതിനാൽ 30,000 രൂപ ടി ബെനഫിഷറിയുടെ അക്കൗണ്ടിലേക്ക് പോകാതെ വരികയും തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മടങ്ങിയിട്ടുമുണ്ട്. എന്നാൽ 2024-25 സാമ്പത്തികവർഷത്തെ പദ്ധതി ഫയലും, രജിസ്റ്ററുകളും പരിശോധിച്ചതിൽ പ്രസ്തുത വിദ്യാർത്ഥിക്ക് 22400529/13.01.2025 എന്ന വൗച്ചർ പ്രകാരം ഒന്നാമത്തെ ഗഡുവായ 30,000 അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ 30,000 രൂപ എപ്രകാരമാണ് കണ്ടെത്തിയത് എന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കൂടാതെ 21.06.2023 ലെ 59/2023/ധന സർക്കുലർ പ്രകാരം തുക തിരികെ പോയി 30 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ തുടർനടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്രസ്തുത തുക റീ അലോട്ട്മെന്റിനായി പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനത്തോടെ സർക്കാരിൽ നിന്നും അനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-9 പാരാമെഡിക്കൽ ഡോക്ടർക്ക് അധിക വേതനം നൽകി

പ്രോ നം. 35/25

പേര് - വെള്ളാനിക്കര സി.എച്ച്.സിയിൽ സായാഹ്ന ഒപി നടത്തുന്നതിന്

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, വെള്ളാനിക്കര

അടങ്കൽ - 15,00,000 (വികസനഫണ്ട്)

ചെലവ് - 12,17,370 (വികസനഫണ്ട്)
വൗച്ചർ നം.22400431 തി.04.10.2024 തുക 95,790 രൂപ
മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ്ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവർക്ക് കരാർ അടിസ്ഥാനത്തിൽ വേതനം നൽകിയിട്ടുണ്ട്. ഡോ. വൈശാഖ് എന്നവർക്ക് 2024 സെപ്റ്റംബർ മാസത്തിൽ 24 ദിവസം ജോലി ചെയ്തതിന് വേതനമായി 47,040 (1960x24) രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത ജീവനക്കാരന്റെ 2024-25 സാമ്പത്തിക വർഷത്തെ ഹാജർ രജിസ്റ്റർ പരിശോധിച്ചപ്പോൾ 2024 സെപ്റ്റംബർ മാസത്തിൽ 14 ദിവസത്തെ ഹാജർ മാത്രമാണുള്ളത്. മേൽപ്പറഞ്ഞ കരാർ ജീവനക്കാരന് 14 ദിവസത്തെ വേതനമായ 27,440 (1960x14) രൂപയ്ക്ക് മാത്രമാണ് അർഹതയുള്ളത്. അധികവേതനം നൽകിയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 11/3.10.25 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയിട്ടുള്ള വേതനം 19,600 രൂപ (1960x10) പ്രസ്തുത ജീവനക്കാരനിൽ നിന്നും ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-10 ഇ-ടെണ്ടർ ഫീ തനതുഫണ്ടിൽ അടവാക്കിയിട്ടില്ല

ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, പാറമേക്കാവു ശാഖയിലെ 37952860200 നമ്പർ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. മേൽസൂചിപ്പിച്ച അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2025-ന് 29,890 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരുന്നോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-7/25 തീയതി 3.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക തനതു ഫണ്ടിലേയ്ക്ക് അടവാക്കാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതുമാണ്.

1-11 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പദ്ധതി തയ്യാറാക്കി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറിയിട്ടുള്ള ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേരുവിവരം	വൗച്ചർ നമ്പർ/തുക (₹)	ഫണ്ട് വിവരം	തുക കൈപ്പറ്റിയ ഏജൻസി
1	1/25 ഐ.കെ.എം. വിഹിതം നല്കൽ	22400541/27.12.24 തുക 55,764	വികസന ഫണ്ട് പൊതു വിഭാഗം	എക്സി. ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
2	11/25 കാൻ പദ്ധതിയ്ക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ	22400859/30.03.25 22400860/30.03.25 തുക 1,20,358	തനതു ഫണ്ട്	സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്
3	9/25 അതിദാരിദ്ര നിർമാർജ്ജന പദ്ധതി ജനറൽ	200000 (22400815/12.03.25 തുക 25,000 22400411/27.11.24 തുക 50,000 22400565/17.01.25 തുക 1,25,000)	വികസന ഫണ്ട് പൊതു വിഭാഗം	പാണഞ്ചേരി ഗ്രാമപഞ്ചായത്ത് (1,50,000) മാടക്കത്തറ ഗ്രാമപഞ്ചായത്ത് (50,000)
4	10/25 അതിദാരിദ്ര നിർമാർജ്ജന പദ്ധതി SC	3,00,000 22400799/12.3.25 തുക 1,50,000 22400708/18.2.25	വികസന ഫണ്ട് SCP	പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

		തുക 1,50,000		
5A	6/25 ലൈഫ് മിഷൻ വിഹിതം SC	22400503 തി.7.11.24 തുക 5,00,000	വികസന ഫണ്ട് SCP	പുത്തൂർ ഗ്രാമപഞ്ചായത്ത്
5B	5/25 ലൈഫ് മിഷൻ വിഹിതം ജനറൽ	22400425 തി.21.11.24 തുക 3,00,000	വികസന ഫണ്ട് പൊതു വിഭാഗം	പുത്തൂർ ഗ്രാമപഞ്ചായത്ത്
6	77/25 നിള റോഡ് നിർമ്മാണം വാർഡ് 9 മാടക്കത്തറ പഞ്ചായത്തിന് വിഹിതം	22400911/23.03.25 തുക 8,22,000	വികസന ഫണ്ട് പൊതു വിഭാഗം	മാടക്കത്തറ പഞ്ചായത്ത്
7	16/25 വയോമിത്രം വിഹിതം നൽകൽ	22400542/27.12.24 തുക 8,00,000	വികസന ഫണ്ട് പൊതു വിഭാഗം	കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ,TVM
8	98/25 കില വനിതാ ഹോസ്റ്റൽ നിർമ്മാണം തുക നൽകൽ	22400214/15.05.24 തുക 3,00,000	വികസന ഫണ്ട് പൊതു വിഭാഗം	ഡയറക്ടർ കില
9	125/25 സമേതം ജില്ലാ പഞ്ചായത്ത് വിഹിതം	22400666/21.03.25 തുക. 1,73,362	തനത് ഫണ്ട്	സെക്രട്ടറി, ജില്ലാപഞ്ചായത്ത്
10	61/25 ലൈൻ എക്സ്റ്റൻഷൻ- നടത്തറ ഗ്രാമപഞ്ചായത്തിന് വിഹിതം	5,00,000 (22400346/06.11.24 22400563/27.01.25 22400564/29.01.25)	CFC	സെക്രട്ടറി, നടത്തറ ഗ്രാമപഞ്ചായത്ത്
11	62/25 ലൈൻ എക്സ്റ്റൻഷൻ- മാടക്കത്തറ ഗ്രാമപഞ്ചായത്തിന് വിഹിതം	22400578/30.01.25 തുക.5,00,000	CFC	സെക്രട്ടറി, മാടക്കത്തറ ഗ്രാമപഞ്ചായത്ത്
12	130/25 ലൈൻ എക്സ്റ്റൻഷൻ- മാടക്കത്തറ ഗ്രാമപഞ്ചായത്തിന് വിഹിതം	3,00,000 (22400769/24.03.25 തുക.150000 22400770/24.03.25 തുക.150000)	CFC	സെക്രട്ടറി, മാടക്കത്തറ ഗ്രാമപഞ്ചായത്ത്
13	23/25 ലൈഫ് മിഷൻ വിഹിതം ST	6,94,000 (22400706 തി.18-02-2025 തുക 2,35,000 22400225 തി.01-07-2024 തുക	വികസന ഫണ്ട് (TSP)	സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

		4,59,000)		
14	85/25(SO) ലൈഫ് മിഷൻ വിഹിതം ST	2,97,400 (22400707 തി.18-02-2025 തുക 2,53,450 22400528 തി.18-12-2024 തുക 43,950)	വികസന ഫണ്ട് TSP	സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് (2,53,450) സെക്രട്ടറി, നടത്തറ ഗ്രാമപഞ്ചായത്ത് (43,950)

മേൽ പട്ടികയിലെ പ്രോജക്ടുകളിൽ നിർവ്വഹണ ഏജൻസികളിൽ നിന്നുള്ള വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 8/3.10.25 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 സി.എച്ച്.സിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. 122/25

പദ്ധതിയുടെ പേര് – വെള്ളാനിക്കര സി.എച്ച്.സിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ സി.എച്ച്.സി, വെള്ളാനിക്കര
അടങ്കൽ- 7,08,000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ചെലവ്- 7,08,000 (റോഡിതരം)
വൗ നം-22400240 തി.21.08.24

പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി വെള്ളാനിക്കര സി.എച്ച്.സിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെൽട്രോണിന് മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരം പണം കൈമാറിയിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ സോളാർ പ്ലാന്റ് സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. സോളാർ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തന ക്ഷമമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 9/3.10.25 നൽകിയെങ്കിലും, ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-13 കെ.എം.എസ്.സി.എൽ ൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

1). പ്രോജക്ട് നം. 37/25
വെള്ളാനിക്കര സി.എച്ച്.സിയിലേക്ക് മരുന്നുകളും റീയേജന്റ്സും വാങ്ങൽ
അടങ്കൽ : 25,00,000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
ചെലവ് : 23,98,694

2. പ്രോജക്ട് നം. 33/25
സാന്ത്വനപരിചരണ പദ്ധതി (സെക്കണ്ടറി) സി.എച്ച്.സി വെള്ളാനിക്കര
അടങ്കൽ : 16,49,000 (വികസനഫണ്ട്-പൊതുവിഭാഗം)
ചെലവ് : 16,04,367 (വികസനഫണ്ട്-പൊതുവിഭാഗം)

വെള്ളാനിക്കര സി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം മരുന്നുകൾ വിതരണം ചെയ്യുന്നതിനായി വിവിധ തുകകൾ കെ.എം.എസ്.സി.എൽ സമർപ്പിച്ച വിവിധ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം 30.03.2013ലെ സ.ഉ.(സ)നം.876/2013ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോഫോർമ നമ്പർ	തിയ്യതി	തുക	ലഭ്യമായ മരുന്നുകൾ	ലഭിക്കാനുള്ള മരുന്നുകൾ

				(ഇൻവോയ്സ് നമ്പർ, തിയ്യതി, തുക)	
1	5178	04.06.24	4,25,000 22400224/20-Jul-2024	Rs.2,33,954 (39199/14.08.24 തുക 48,153 48947/19.9.24 തുക 19,261 49480/25.9.24 തുക 40,320 52226/29.10.24 തുക 26,712 52314/8.11.24 തുക 6,447 52587/11.11.24 തുക 8,513 56768/12.11.24 തുക 17,696 56402/07.01.25 തുക 895 56402/07.01.25 തുക 21,027 58147/30.01.25 തുക 141 58312/04.02.25 തുക 4,846 58702/14.02.25 തുക 11,381 59968/03.03.25 തുക 5,443 60613/07.03.25 തുക 16,352 4752/17.06.25 തുക 943 5044/18.06.25 തുക 5,824)	191046
2	832	05.08.24	4,36,784 22400248/21-Aug-2024	Rs. 3,00,161 1120/22.11.24 തുക 1,06,129 1214/3.12.24 തുക 26,637 1607/18.1.25 തുക 1,63,877 832/30.07.25 തുക 3,518	1,36,623
3	2268	2.12.24	7,06,899 22400453/09-	Rs. 6,08,706 1734/4.2.25 തുക	98,193

			Dec-2024	42,131, 208/23.4.25 തുക 84,263 516/17.5.25 തുക 42,019 696/27.5.25 തുക 27,826 1034/19.6.25 തുക 71,669 1231/8.7.25 തുക 1,59,317 1909/10.9.25 തുക 1,81,481	
4	4186	11.03.25	89,000 22400538/11-Dec-2024	0	89,000
5	3545	07.02.25	49,500 22400817/11-Mar-2025	0	49,500
6	897	12.08.24	6,99,992 22400237/14-Aug-2024	Rs. 5,73,869 984/23.10.24 തുക 13,046, 1027/13.11.24 തുക 21,974 1105/21.11.24 തുക 56,837 1157/26.11.24 തുക 81,915 1172/29.11.24 തുക 1,12,000 1370/26.12.24 തുക 77,685 1881/14.2.25 തുക 71,398 2097/1.3.25 തുക 1,411 2159/24.3.25 തുക 76,339 158/19.4.25 തുക 16,464 816/4.6.25 തുക 44,800	1,26,123
7	1983	13.11.24	1,60,721 22400446/16-Nov-2024	Rs. 1,45,933 1512/14.1.25 തുക 28,892 1887/17.2.25 തുക 42,131	14,788

				2024/26.2.25 തുക 74,910	
8	4740	24.03.25	98,594 22400919/25-Mar-2025	0	98,594
9	2751	31.12.24	4,27,596 22400550/03-Jan-2025	Rs. 2,11,573 1630/8.8.25 തുക 2,11,573	216023
10	3967	03.03.25	1,55,708 22400810/11-Mar-2025	0	155708
11	1982	13.11.24	1,11,359 22400444/16-Nov-2024	0	111359

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്ത രേഖകൾ ഒറിജിനൽ ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/3.10.2025) നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത്, രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 കാനനിർമ്മാണം - കോൺക്രീറ്റിംഗിന് അധിക നിരക്ക്- 18,369 രൂപ (9,172 + 9,197) നിരാകരിക്കുന്നു

അസി. എഞ്ചിനീയർ നടപ്പാക്കിയ വിവിധ കാനനിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കാനയുടെ ഉൾവശം 10 സെ.മീ. കനത്തിൽ 1:3:6 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിനുള്ള ഐറ്റം (MORD Item No. 11.4.1.1) ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഐറ്റത്തിന്റെ നിരക്ക് 7792.83/ക്യു.മീ. ആണ് (കോസ്റ്റ് ഇൻഡക്സ്-35.59%). ഈയിനത്തിന്റെ ഡാറ്റയിൽ ഫോം വർക്കിനുള്ള അധിക ചെലവിനുള്ള തുകയും (Formwork @ 4% On Cost Of Material, Labour And Machinery (A B C)) ഉൾപ്പെടുന്നുണ്ട്. എന്നാൽ പ്രവൃത്തി നിർവഹണസമയത്ത് കാന നിർമ്മാണത്തിനായി മണ്ണെടുത്ത അതേ വീതിയിൽ തന്നെയാണ് കാനയുടെ ഉൾവശത്ത് 1:3:6 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത് എന്നതിനാൽ ഇവിടെ ഫോം വർക്കിനുള്ള ആവശ്യം വരുന്നില്ല. ആയതിനാൽ ഈ കോൺക്രീറ്റിംഗിന് ഫോം വർക്കിനുള്ള അധിക ചെലവ് ഒഴിവാക്കി കൊണ്ടുള്ള ഒബ്സർവ്ഡ് ഡാറ്റയാണ് അനുവദിക്കേണ്ടിയിരുന്നത്. ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കികൊണ്ടുള്ള ഒബ്സർവ്ഡ് ഡാറ്റയാണ് (OD43609/2023-24) ഇതേ വർഷത്തെ തന്നെ പയ്യനം മുണ്ടക്കത്താഴം കൾവെർട്ട് നിർമ്മാണം എന്ന പ്രവൃത്തിയിൽ (പ്രോജക്ട് നം. 100/25) അനുവദിച്ചിട്ടുള്ളത്. ഫോം വർക്കിനുള്ള അധിക ചെലവ് ഒഴിവാക്കി കൊണ്ടുള്ള ഈ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഈ ഐറ്റത്തിന്റെ നിരക്ക് 7493.10/ക്യു.മീ. ആണ് (കോസ്റ്റ് ഇൻഡക്സ്- 35.59%). വിശദ വിവരം ചുവടെ ചേർക്കുന്നു.

Code	Description	Unit	Quantity	Rate	Amount
M-005	Details Of Cost For 1 Cum MATERIAL Coarse Sand At Site	Cum	0.48	1453.77	697.81
M-081	Cement	Tonne	0.25	5,032.24	1258.06
M-358	40 MM Aggregrate	Cum	0.576	1,412.79	813.77
M-359	20 Mm Aggregate	Cum	0.288	1,453.77	418.69

M-360	10 Mm Aggregate	Cum	0.096	1,453.77	139.56
L-11	Labour Mason (1st Class)	Day	0.1	738.0	73.8
L-12	Mate	Day	0.08	617.00	49.36
L-21	Bhisti	Day	0.27	617.00	166.59
L-29	Mazdoor (Unskilled)	Day	1.63	558.0	909.54
P&M-146	Tools&Plants(Hire Charges) Concrete Mixer 0.28/0.4 Cum Capacity Fitted With Water Measuring Device And Preferably Also With Load Cell	Hour	0.4	100.0	40.0
Total					4,567.18
Unit Total					4,567.18
Add Overhead - 4567.18 @10.0%					456.72
Total					5,023.9
Add Contractors Profit - 5023.9@10.0%					502.39
Total					5,526.29
Cost Index - 5526.29 @35.59%					1,966.81
Total					7,493.10

എന്നാൽ മേൽ സൂചിപ്പിച്ച നിരക്കിനേ പകരം ഉയർന്ന നിരക്കിലുള്ള ഇനം (MORD Item No. 11.4.1.1) അനുവദിച്ചതുമൂലം കരാറുകാർക്ക് അർഹമായതിലുമധികം ആനുകൂല്യം ലഭിക്കാനിട വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) ചീരക്കുണ്ട് ഓലക്കയം കുത്ത് കാടച്ചാൽ നിർമ്മാണം

പ്രോജക്ട് നമ്പർ/പേര്	145/25 ചീരക്കുണ്ട് ഓലക്കയം കുത്ത് കാടച്ചാൽ നിർമ്മാണം
പ്രോജക്ട് അടങ്കൽ	11,08,400 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവു തുക	11,07,726 (ഫസ്റ്റ് ആന്റ് ഫൈനൽ ബിൽ)
വൗച്ചർ നമ്പർ/ തീയതി	22400845/27.03.2025-9,96,953, 22400837/27.03.2025-1,10,773
കരാറുകാരന്റെ പേര്	ജോൺ എ. എൽ.
